ഇരിഞ്ഞാലക്കുടയിൽ കെ. എസ്. ആർ. ടി. സി. സബ് സ്റ്റേഷൻ

810 [1228] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഇരിഞ്ഞാലക്കുടയിൽ ട്രാൻസ്പോർട്ടു കോർപ്പറേഷന്റെ സബ് സ്റ്റേഷൻ ആരംഭിക്കുവാൻ നടപടികൾ എടുക്കുമോ?

ഉത്തരം

ഇരിഞ്ഞാലക്കുടയിൽ ട്രാൻസ്പോർട്ടു കോർപ്പറേഷന്റെ ഒരു സബ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം തൽക്കാലം കോർപ്പറേഷന്റെ പരിഗണനയിലില്ല.

സ്വകാര്യ ബസ്സുകളിലെ ചെക്കിംഗ് ഇൻസ്പെക്ടർമാർക്ക് യൂണിഫോറം

811 [1229] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകളിലെ ചെക്കിംഗ് ഇൻസ്പെക്ടർമാരെ യാത്രക്കാരിൽനിന്ന് തിരിച്ചറിയാൻ കഴിയാത്തതുകൊണ്ടു യാത്രക്കാർക്ക് വിഷമമുണ്ടെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും ഇപ്പോൾ നിലവിലുള്ളതുപോലെ ചെക്കിംഗ് ഇൻസ്പെക്ടർമാർക്കും ബാഡ്ജും യൂണിഫോമും വേണമെന്ന് വ്യവസ്ഥ ചെയ്യാമോ?

ഉത്തരം

(എ) ഇല്ല.

(ബി) നിലവിലുള്ള നിയമം അനുസരിച്ച് ചെക്കിംഗ് ഇൻസ്പെക്ടർമാർ ബാഡ്ജും യൂണിഫോമും ധരിക്കണമെന്ന് വ്യവസ്ഥ ചെയ്യാൻ നിവർത്തിയില്ല.

കെ. എസ്. ആർ. ടി. സി. വാഹനങ്ങൾ മൂലമുണ്ടാകുന്ന അപകടങ്ങൾ

812 [1230] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. വക വാഹനങ്ങൾ മൂലമുണ്ടാകുന്ന ആക്സിഡന്റിന് വിധേയരായവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ബി) കഴിഞ്ഞ 5 വർഷക്കാലം ഈ ഇനത്തിൽ എത്ര സംഖ്യ കൊടുത്തിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly